പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4876 04.07.2012 -ലെ മറുപടി

## എയർ ഇന്ത്യ യഥേഷ്ടം ചാർജ്ജ് ഈടാക്കുന്നതായി പരാതി

ചോദ്യം ഉത്തരം

ശ്രീ. കെ.എൻ.എ. ഖാദർ ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | എയർ ഇന്ത്യ യാത്രക്കാരിൽ നിന്ന് യഥേഷ്ടം ചാർജ് ഈടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | കേരളത്തിൽ നിന്നും ഗൾഫ് രാജ്യങ്ങളിലേക്കും, തിരിച്ചും വർഷം മുഴുവൻ പല നിരക്കിലുള്ള യാത്രാക്കൂലി എയർ ഇന്ത്യ ഈടാക്കുന്നുണ്ട്. യാത്രക്കാരുടെ തിരക്ക് കുറവുള്ള സമയത്ത് എല്ലാ യാത്രക്കാർക്കും കുറഞ്ഞ നിരക്ക് ലഭിക്കും. തിരക്കുള്ള സമയങ്ങളിൽ നേരത്തേ തന്നെ ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്ക് കുറഞ്ഞനിരക്ക് ലഭിക്കുകയും അവസാന നിമിഷം ടിക്കറ്റ് വാങ്ങുന്നവർക്ക് IATA/DGCA മാനദണ്ഡ പ്രകാരം അംഗീകരിക്കപ്പെട്ടതും പ്രസിദ്ധീകരിക്കപ്പെട്ടതുമായ നിരക്ക് നല്കേണ്ടതായും വരും. ഈ യാത്രാക്കൂലി രീതി ലോകമാകമാനമുള്ള വിമാനക്കമ്പനികൾ അവലംബിക്കുന്നതാണ്. |
| (ബി) | വിമാനയാത്രാക്കൂലി ഓരോ സീസണിലും യഥേഷ്ടം പരിഷ്ക്കരിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നത് നിയന്ത്രിക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; | | |
| (സി) | ബസ്, തീവണ്ടി, കപ്പൽ തുടങ്ങിയ ഇതരവാഹനങ്ങൾക്ക് ചില മാനദണ്ഡങ്ങളനുസരിച്ച് നിശ്ചിതമായ യാത്രാനിരക്ക് നിലവിലുള്ളപ്പോൾ എയർ ഇന്ത്യയുടെ നിരക്ക് വർദ്ധനവ് ശരിയാണോ; | (ഡി) | ഗൾഫ് അധിഷ്ടിതമായ വിമാനക്കമ്പനികൾ ഉൾപ്പെടെയുള്ള എയർ ലൈനുകളുമായി താരതമ്യം ചെയ്യുമ്പോൾ എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസ്സും താരതമ്യേന കുറഞ്ഞ നിരക്കുകളിലാണ് ടിക്കറ്റുകൾ നൽകുന്നത്. സീസണുകളിൽ എയർ ഇന്ത്യയും എയർ ഇൻഡ്യാ എക്സ്പ്രസ്സും നിരക്കുകൾ വർദ്ധിപ്പിക്കാറില്ല. എന്നിരുന്നാലും എയർലൈനുകൾ, തിരക്കുള്ള സീസണുകളിൽ യാത്രാക്കൂലി വളരെയികം വർദ്ധിപ്പിച്ച് യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നതായി കാണുന്നുണ്ടെന്നും അതിനാൽ വരവ് വർദ്ധിപ്പിക്കാനായും മത്സരം ഇല്ലാതാക്കാനും എയർ ഇൻഡ്യാ ഉൾപ്പെടെയുള്ള എയർലൈനുകളുടെ പ്രവർത്തികൾ പരിശോധിച്ച് നടപടി സ്വീകരിക്കണമെന്നും യാത്രാക്കൂലി കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്രവ്യോമയാന മന്ത്രാലയത്തിനും സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിനും നല്കണമെന്നും Competition Commission of India -യോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഡി) | ഒരു നിശ്ചിത വിമാനനിരക്ക് ഒരു പ്രത്യേക കാലയളവിലേക്കെങ്കിലും നിജപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഈ വിഷയം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽക്കൊണ്ടുവരുവാൻ ഇതുവരെ ചെയ്ത കാര്യങ്ങൾ വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ